ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ജോലി ചെയ്യുന്നതിന് പുതുതായി ലൈൻ വലിക്കേണ്ടതായുണ്ട്. ഇതിനുള്ള ചെലവ് ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനം വഹിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. ഇത് നിറവേറ്റപ്പെടുന്ന മുറയ്ക്ക് ലൈറ്റുകൾ ബോർഡ് സ്ഥാപിക്കുന്നതായിരിക്കും.

തളിപ്പറമ്പിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്

989. [1445] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസ് പ്രവർത്തനം ആരംഭിച്ചോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും ?

ഉത്തരം

(എ & ബി) കണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് ഒരു പുതിയ ഡിവിഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആസ്ഥാനത്തെപ്പറ്റി അവസാന തീരുമാനമായിട്ടില്ല. ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റിഷനും നിലവിലുണ്ട്.

ഓണാഘോഷത്തിന് ചെലവഴിച്ച വൈദ്യുതി

990. [1446] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

കഴിഞ്ഞ ഓണാഘോഷക്കാലത്ത് ഇലക്ട്രിസിറ്റി വകുപ്പിന് അലങ്കാരത്തിന് ഉപയോഗിച്ച വിദ്യുച്ഛക്തിയിനത്തിൽ എത്ര സംഖ്യ കിട്ടി ; എത്ര യൂണിറ്റ് വൈദ്യുതി ഇക്കാര്യത്തിന് ചെലവായി ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഇലക്ട്രിസിറ്റി ബോർഡിന്റെ ഗസ്റ്റ് ഹൗസുകൾ

991. [1447] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് സംസ്ഥാനത്തിനകത്തും പുറത്തുമായി എത്ര ഗസ്റ്റ് ഹൗസുകൾ ഉണ്ട് ;

(ബി) ഈ ഗസ്റ്റ്ഹൗസുകൾക്കായി 1984-85 വർഷത്തിൽ മൊത്തം ചെലവായ സംഖ്യ എത്ര ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് സംസ്ഥാനത്തിനകത്ത് 24 ഗസ്റ്റ് ഹൗസുകൾ ഉണ്ട്. സംസ്ഥാനത്തിന് പുറത്ത് ഗസ്റ്റ് ഹൗസുകളൊന്നുമില്ല.

(ബി) 1984-85-ലെ ആകെ സംരക്ഷണച്ചെലവ് 6,01,881 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly